# പൊതുബോധത്തിലെ ന്യൂനപക്ഷവിരുദ്ധത

**രാഷ്ട്രീയ പ്രശ്നങ്ങളെ വർഗീയ ചുവയോടെ വിശദീകരിക്കുകയും അത് കേരളീയ പൊതുബോധം അംഗീകരിക്കുകയും ചെയ്യുമ്പോൾ തകരുന്നത് 'മതേതര കേരളത്തി'ന്റെ അടിത്തറയാണ്**

■ ഡോ. മാത്യു ജോസഫ് സി



കോർണിയോയുടെ രചന

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് എന്ന യു.ഡി.എഫ്. ഘടകകക്ഷിയുടെ നേതാവും നിയമസഭാംഗവുമായ മഞ്ഞളാംകുഴി അലി മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദവും തുടർന്നുണ്ടായ ചർച്ചകളും സാമാന്യ വിശകലനത്തിനപ്പുറമുള്ള പരിഗണനയർഹിക്കുന്നുണ്ട്. മുസ്ലിം ലീഗിന്റെ അഞ്ചാമത്തെ മന്ത്രിയായി മഞ്ഞളാംകുഴി അലി നിർദ്ദേശിക്കപ്പെട്ടപ്പോൾ മുതൽതന്നെ എതിർപ്പുകൾ ഉയർന്നിരുന്നു. ആ എതിർപ്പുകളുടെ പശ്ചാത്തലത്തിലാവണം മന്ത്രിസഭാ പ്രവേശനം ഏതാണ്ട് പത്തുമാസത്തോളം വൈകിയത്.

മഞ്ഞളാംകുഴി അലി മന്ത്രിയാകുന്നതിനോട് എതിർപ്പു രേഖപ്പെടുത്തിയവർ ആരും തന്നെ വ്യക്തിപരമായ കാരണങ്ങളായിരുന്നില്ല തങ്ങളുടെ വാദത്തിന് ആധാരമാക്കിയത്. മുസ്ലിം ലീഗിന് അഞ്ചാമത്തെ മന്ത്രിയെക്കൂടി നൽകിയാൽ അത് കേരളത്തിലെ വിവിധ സമുദായങ്ങൾ തമ്മിലുള്ള രാഷ്ട്രീയ സംതുലന(?)ത്തെ ബാധിക്കും എന്നതിനാലാണ് യു.ഡി.എഫ്. നേതാ

സമദൂരങ്ങളും ശരിദൂരങ്ങളും...



കർദ്ദിനാൾ ആലഞ്ചേരിയും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും



മുഖ്യമന്ത്രി ഉമ്മൻചാണ്ടി എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർക്കൊപ്പം

ക്കന്മാരും പ്രതിപക്ഷവും അലിയുടെ മന്ത്രിസഭാപ്രവേശനത്തെ എതിർത്തത്. ഈ വാദം ഏതാണ്ട് അംഗീകരിക്കുന്ന തരത്തിലാണ് അലിയെ മന്ത്രിയായി ഉയർത്തുമ്പോൾ തന്നെ കോൺഗ്രസ് മന്ത്രിമാരുടെ വകുപ്പുകളിൽ അഴിച്ചുപണി നടത്തിക്കൊണ്ട് യു.ഡി.എഫ്. നേതൃത്വം പെരുമാറിയത്. ഒരു ന്യൂനപക്ഷ സമുദായാംഗമായ ഉമ്മൻചാണ്ടി നയിക്കുന്ന യു.ഡി.എഫ്. മന്ത്രിസഭയിൽ മന്ത്രിമാരിൽ എണ്ണത്തിൽ കൂടുതൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണെന്ന് മാത്രമല്ല ഭൂരിഭാഗം സുപ്രധാന വകുപ്പുകളും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണ് കൈകാര്യം ചെയ്യുന്നത്. അതിനാൽ ഭൂരിപക്ഷ സമുദായങ്ങൾ രാഷ്ട്രീയമായി അരക്ഷിതബോധം അനുഭവിക്കുന്നുണ്ടെന്നും അത് പരിഹരിക്കുകയാണ് കോൺഗ്രസ് മന്ത്രിമാരുടെ വകുപ്പുകൾ വച്ചുമാറ്റം ചെയ്യുകവഴി സാധിതപ്രായമാക്കുവാൻ ശ്രമിച്ചതെന്ന് ഇപ്പോൾ പൊതുവെ വ്യക്തമാക്കിയിട്ടുണ്ട്.

ഹൈന്ദവ ജാതി സംഘടനകളായ എൻ.എസ്.എസ്സും എസ്.എൻ.ഡി.പിയും പരസ്യമായി ഉയർത്തിയ ജാതി/സമുദായ വാദത്തിന്റെ യുക്തി അംഗീകരിക്കുന്നതിൽ യു.ഡി.എഫ്. നേതൃത്വം ഒരു മടിയും കാണിച്ചില്ല. എൽ.ഡി.എഫിനെ അപേക്ഷിച്ച് ന്യൂനപക്ഷ സമുദായ പ്രാധാന്യം കൂടിയ മുന്നണിയാണ് യു.ഡി.എഫ്. എന്ന യാഥാർത്ഥ്യം ഏവർക്കും സുവ്യക്തമായ വസ്തുതയായിരിക്കെ മേൽസൂചിപ്പിച്ച കോൺഗ്രസ് മന്ത്രിമാരുടെ വകുപ്പുമാറ്റം ഏറ്റവും ആവശ്യമായിരുന്നു എന്ന നിലയിലാണ് പൊതുസമൂഹവും അതുൾക്കൊണ്ടിട്ടുള്ളത്.

## ഇടതുപക്ഷത്തിന്റെ നിലപാട്

'അഞ്ചാംമന്ത്രി' വിവാദത്തിൽ ചർച്ചയിൽ ഉയർന്നുവന്ന സുപ്രധാന പ്രശ്നം മുസ്ലിംലീഗിന് അഞ്ചാമതും ഒരു മന്ത്രിയെ ലഭിക്കുമ്പോൾ താറുമാറാകാൻ പോകുന്ന സമുദായ സൗഹാർദ്ദം സംബന്ധിച്ചുള്ളതായിരുന്നു. മുസ്ലിം ലീഗ് എന്ന രാഷ്ട്രീയകക്ഷിയുടെ സമ്മർദ്ദതന്ത്രങ്ങൾ, പിടിവാശി, വിലപേശൽ മാർഗങ്ങൾ എന്നിങ്ങനെയുള്ള പ്രശ്നങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം ലഭിച്ചത് സമുദായ സൗഹാർദ്ദം തകർക്കുന്ന ഒരു നടപടിയാണ് 'അഞ്ചാംമന്ത്രി'യെന്നുള്ളതിനു തന്നെയായിരുന്നു. കേരളത്തിലെ പൊതുസമൂഹത്തിന് ഏതാണ്ട് സ്വീകാര്യമാവുന്ന തരത്തിലാണ് ഈ വാദം അവതരിപ്പിക്കപ്പെട്ടത്; അല്ലെങ്കിൽ ഇത്തരം കഴമ്പില്ലാത്ത ഒരു നിലപാട് ശരിയാണെന്ന് വിശ്വസിക്കാൻ തക്ക പാകത്തിലുള്ളതാണ് കേരളീയ സമൂഹത്തിന്റെ പൊതുബോധം എന്നു വിലയിരുത്തേണ്ടതായി വരും.

ഈ പൊതുബോധത്തിന് അനുസൃതമായാണ് ഇടതുപക്ഷത്തിന്റെ പ്രതികരണവും ഉണ്ടായതെന്നതാണ് ഏറെ ഞെട്ടിക്കുന്ന വസ്തുത. അഞ്ചാംമന്ത്രിസ്ഥാനം കേരളത്തിലെ സമുദായ സന്തുലനം തകർക്കുമെന്ന വാദമാണ് സി.പി.ഐ.എം. നേതൃത്വം ഒന്നാകെ ആവർത്തിച്ചത്. പാണക്കാട്ടു നിന്നാണ് യു.ഡി.എഫ് മന്ത്രിസഭയെ നിയന്ത്രിക്കുന്നതെന്നും ലീഗ് ഇച്ഛക്കനുസരിച്ചാണ് ഉമ്മൻചാണ്ടി തുമ്മുന്നതെന്നും മറ്റുമുള്ള പ്രതികരണങ്ങളാണ് സി.പി.ഐ.എം. നേതൃത്വം ആവർത്തിക്കുന്നത്. ലീഗ്, മുസ്ലിം തീവ്രവാദികളുടെ കൈയിൽ അകപ്പെട്ടുവെന്നാണ് ഒടു

വിൽ പാർട്ടി സെക്രട്ടറി പിണറായി വിജയൻ പറഞ്ഞത്.

അഞ്ചാം മന്ത്രിസ്ഥാനത്തോടുള്ള അനിഷ്ടം വ്യക്തമാക്കിയ എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയെ പെരുന്നയിൽച്ചെന്നു കാണാൻ സി.പി.ഐ.എം. നേതാവായ എം. വിജയകുമാർ തയാറായി എന്നതും ഇതോട് ചേർത്തു കാണേണ്ടതാണ്. രാഷ്ട്രീയമായ പ്രശ്നങ്ങളെ വർഗീയ ചുവയോടെ വിശകലനം ചെയ്യുകയും സമൂഹത്തെ വിവിധ സമുദായങ്ങളുടെ ഒരു കൂട്ടായ്മയായി കാണുകയും ചെയ്യുന്നത് ഏറെ അപകടകരമായ ഒരു പ്രവണതയാണെന്ന് പറയാതെ വയ്യ. പ്രായോഗിക രാഷ്ട്രീയത്തിന്റെ വിമർശനങ്ങൾക്ക് കീഴ്പ്പെട്ട് ഇടതുപക്ഷവും ഈ ദിശയിൽ സഞ്ചരിക്കുന്നതാണ് ഏറെ ഭീതിദമായത്.

സമുദായ സൗഹാർദ്ദത്തിന് വിലങ്ങുതടിയായി നിൽക്കുന്നവരാണ് മുസ്ലിം മതന്യൂനപക്ഷം എന്ന നിലപാടിൽ നിന്നാണ് മേൽ സൂചിപ്പിച്ച വാദം ഉദ്ഭവിക്കുന്നത്. ഈ നിലപാട് കേരളീയ പൊതുസമൂഹത്തിന്റെ വിചാരഘടനയുടെ അവിഭാജ്യഘടകമായതുകൊണ്ടാണ് "അഞ്ചാംമന്ത്രി സമുദായ സൗഹാർദ്ദം തകർക്കുമെന്ന" വികല പ്രസ്താവത്തിന് മുതിരാൻ രാഷ്ട്രീയ-സമുദായ നേതാക്കളെ കക്ഷിഭേദമെന്യേ പ്രേരിപ്പിച്ചത്.

## മുസ്ലിംവിരുദ്ധ രാഷ്ട്രീയം

കേരള രാഷ്ട്രീയത്തെ നിയന്ത്രിക്കുന്ന ചലനനിയമങ്ങൾ ആഴത്തിൽ അപഗ്രഥിക്കുമ്പോൾ മാത്രമേ ഈ മുസ്ലിം വിരുദ്ധ രാഷ്ട്രീയത്തിന്റെ പൊരുൾ വേണ്ടവണ്ണം മനസ്സിലാക്കാനാവൂ. കേരളം എന്ന രാഷ്ട്രീയ ഏകകം രൂപം കൊണ്ടിട്ട് അരനൂറ്റാണ്ടിലേറെ കാലം കഴിഞ്ഞുവെങ്കിലും മലബാർ, കൊച്ചി പ്രദേശങ്ങളെ അപേക്ഷിച്ച് തിരുവിതാംകൂറിലെ രാഷ്ട്രീയ ചരിത്രത്തിന്റെ തുടർച്ച എന്ന നിലയ്ക്കാണ് കേരളീയ രാഷ്ട്രീയ ചരിത്രവും വിവരിക്കപ്പെടുന്നത്. തിരുവിതാംകൂറിലെ രാഷ്ട്രീയം ചുറ്റിത്തിരിഞ്ഞിരുന്നതാകട്ടെ നായർ, ക്രിസ്ത്യൻ, ഈഴവ സ്വത്വങ്ങളെ ചൂഴ്ന്നായിരുന്നു. മുസ്ലിങ്ങൾ തിരുവിതാംകൂറിൽ ഗണനീയമായ ഒരു വിഭാഗമായി



എസ്.എൻ.ഡി.പി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ

അംഗീകരിക്കപ്പെട്ടിരുന്നില്ല. നിവർത്തന പ്രക്ഷോഭകാലത്തുപോലും പ്രക്ഷോഭമാർഗത്തിലെ ഒരു ഇളയ അംഗം എന്ന നിലയിലാണ് മുസ്ലിം സമുദായം കരുതപ്പെട്ടിരുന്നത്. തിരു-കൊച്ചി സംയോജനം ഈ ചിത്രത്തിന് കാര്യമായ മാറ്റമൊന്നും വരുത്തിയില്ല. സാർവത്രിക വോട്ടവകാശമുള്ള ജനാധിപത്യ വ്യവസ്ഥയിൽ തിരു-കൊച്ചി പ്രദേശത്ത് വേണ്ടത്ര പ്രാധാന്യമുള്ള ഒരു വിഭാഗമായി അംഗീകരിക്കപ്പെടാൻ മുസ്ലിം സമുദായത്തിനു കഴിഞ്ഞില്ല. ചരിത്രപരവും സാമൂഹ്യശാസ്ത്രപരവുമായ കാരണങ്ങൾ ഇതിനു പിറകിലുണ്ടായിരുന്നു എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ കാരണങ്ങൾ കൊണ്ടുതന്നെ ഒരു രാഷ്ട്രീയ ഗണമായി മാറാൻ തിരു-കൊച്ചിയിലെ മുസ്ലിങ്ങൾക്കു കഴിഞ്ഞില്ല. ഈ അവസ്ഥയ്ക്ക് ഗുണപരമായ വ്യത്യാസം വരുന്നത് കേരള സംസ്ഥാന രൂപീകരണത്തോടെയാണ്.

മുസ്ലിങ്ങൾക്ക് നിർണ്ണായകമായ അംഗബലമുള്ള മലബാർ, തിരു-കൊച്ചിയോട് ചേർത്ത് കേരള സംസ്ഥാനം രൂപീകരിച്ചതോടെ സ്വാഭാവികമായി മുസ്ലിങ്ങൾ ഒരു രാഷ്ട്രീയ ഗണമായി പരിണമിക്കുന്നതിനുള്ള സാധ്യതയേറി. ഈ മുസ്ലിം രാഷ്ട്രീയ പ്രത്യക്ഷത്തെ നേരിടുന്നതിനുള്ള ഒരു തയാറെടുപ്പും തിരു-കൊച്ചി രാഷ്ട്രീയത്തിനില്ലായിരുന്നു. മുസ്ലിംലീഗിന് നിർണ്ണായക


**പിടിച്ചുവാങ്ങിയ വിജയം:** മന്ത്രിമാരായ മഞ്ഞളാംകുഴി അലിയും കുഞ്ഞാലിക്കുട്ടിയും



സ്വാധീനമുള്ള മലബാറിലെ മുസ്ലിം ഭൂരിപക്ഷ മേഖലകൾ തിരു-കൊച്ചി രാഷ്ട്രീയത്തിന് തികച്ചും അന്യമായ ഒരു രാഷ്ട്രീയ സംസ്കാരവും, ഭാഷയുമാണ് പ്രദർശിപ്പിച്ചത്. അതുകൊണ്ടുതന്നെ മുസ്ലിം ലീഗിനെ പടിക്കുപുറത്തു നിറുത്തിയുള്ള രാഷ്ട്രീയമാണ് കേരള സംസ്ഥാന രൂപീകരണത്തിനുശേഷം അരങ്ങേറിയത്. ഈ അവസ്ഥയ്ക്ക് നിർണ്ണായകമായ മാറ്റം വരുന്നത് ഇടതുപക്ഷം മുസ്ലിം ലീഗിന് നൽകിയ അംഗീകാരത്തിനും, ലീഗിനെക്കൂടി ഉൾപ്പെടുത്തി രാഷ്ട്രീയ മുന്നണി വിപുലീകരിക്കാനെടുത്ത തീരുമാനത്തിനുംശേഷമാണ്.

'വിമോചന സമര'ത്തിന്റെ പാഠങ്ങൾ വേണ്ടവണ്ണം ഉൾക്കൊള്ളാൻ ഇടതുപക്ഷത്തിന് കഴിഞ്ഞതുകൊണ്ടുകൂടിയാണ് ഇത്തരത്തിൽ മുസ്ലിം ലീഗിനെ ഉൾപ്പെടുത്തി ഒരു മുന്നണി രൂപീകരിക്കാനായത്. 'വിമോചന സമര'ത്തിന്റെ ഈറ്റില്ലമായിരുന്ന തിരു-കൊച്ചി മേഖലയിൽനിന്നും കേരള രാഷ്ട്രീയത്തെ വിമോചിപ്പിക്കാനുള്ള ആത്മാർത്ഥമായ ഒരു ശ്രമം കൂടിയായിരുന്നു അത്. ഒരു പരിധിവരെ ഈ ശ്രമം വിജയിച്ചുവെങ്കിലും മുസ്ലിംലീഗ് നേതൃത്വത്തിന്റെ വർഗപരമായ പരിമിതികൾ കൊണ്ടുതന്നെ ഈ രാഷ്ട്രീയ പരീക്ഷണത്തിന് വിരാമം വന്നു. പിന്നീട് പല കാലങ്ങളിലും ഈ ശ്രമം ആവർത്തിക്കാൻ നീക്കങ്ങളുണ്ടായെങ്കിലും അവയൊന്നും വിജയകരമായില്ല.

എം. വിജയകുമാർ



**അഞ്ചാം മന്ത്രിസ്ഥാനത്തോടുള്ള അനിഷ്ടം വ്യക്തമാക്കിയ എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയെ പെരുന്നയിൽച്ചെന്നു കാണാൻ സി.പി.ഐ.എം. നേതാവായ എം. വിജയകുമാർ തയാറായി എന്നതും ഇതോട് ചേർത്തു കാണേണ്ടതാണ്. പ്രായോഗിക രാഷ്ട്രീയത്തിന്റെ വിമർശനങ്ങൾക്ക് കീഴ്പ്പെട്ട് ഇടതുപക്ഷവും ഈ ദിശയിൽ സഞ്ചരിക്കുന്നതാണ് ഏറെ ഭീതിദമായത്**

## അനഭിമതരായ സ്വത്വങ്ങൾ

ഇടതുപക്ഷവും മുസ്ലിം ലീഗുമായുള്ള മുന്നണി ബന്ധത്തിലൂടെ കേരള രാഷ്ട്രീയത്തിലുണ്ടായ മാറ്റം രാഷ്ട്രീയ കേന്ദ്രദേശത്തിന്റെ സ്ഥാനാന്തരമായിരുന്നു. തിരു-കൊച്ചി മേഖലയിൽനിന്നും മലബാറിലേക്ക് കേരള രാഷ്ട്രീയത്തിന്റെ സിരാകേന്ദ്രം മാറിയ സാഹചര്യത്തെ എങ്ങനെയെങ്കിലും പൂർവസ്ഥിതിയിലെത്തിക്കുന്നതിനു ശ്രമിച്ചുവന്ന 'വിമോചന സമര'ശക്തികളുടെ രാഷ്ട്രീയ കൂട്ടായ്മയായ യു.ഡി.എഫിന്റെ അവിഭാജ്യഘടകമായി മുസ്ലിംലീഗ് മാറിയതോടെ കേരള രാഷ്ട്രീയ ചരിത്രം വീണ്ടും പഴയപടി തിരു-കൊച്ചി രാഷ്ട്രീയത്തിലെ ഗതിവിഗതികളെ ചുറ്റിപ്പറ്റിയായി. തെക്കേ മലബാറിന്റെ രാഷ്ട്രീയ ഭൂമികയിൽ തങ്ങളുടെ അപ്രമാദിത്വം അംഗീകരിക്കപ്പെട്ടുവെന്നുള്ളതല്ലാതെ പറയത്തക്ക രാഷ്ട്രീയ ലാഭമൊന്നും മുസ്ലിം ലീഗിന് ഇതിലൂടെ ലഭിച്ചില്ല. സാംസ്കാരികമായും, സാമൂഹ്യമായും മുസ്ലിങ്ങൾ എന്ന രാഷ്ട്രീയ ഗണം കേരള രാഷ്ട്രീയത്തിന്റേയും, സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളുടെയും പാർശ്വസ്ഥലികളിലേയ്ക്ക് ചുരുക്കപ്പെടുകയാണ്/വിസ്ഥാപിക്കപ്പെടുകയാണ് ഉണ്ടായത് എന്ന വസ്തുത മുസ്ലിം ലീഗ് കാര്യമായി ഗൗനിക്കുകയുണ്ടായില്ല. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ലോകമാസകലം സജീവമായ 'ഇസ്ലാം വിരുദ്ധത'യും ഇസ്ലാമിനോടുള്ള/മുസ്ലിങ്ങളോടുള്ള ശത്രുതയും ഇതിന് ആക്കം കൂട്ടുകയും ചെയ്തു.

'ഇസ്ലാം വിരുദ്ധത' മേൽസൂചിപ്പിച്ച സാഹചര്യത്തിൽ കേരളത്തിലെ പൊതുസമൂഹബോധത്തിന്റേയും വേർപെടുത്താനാവാത്ത ഭാഗമായി മാറി. ഇങ്ങനെ മുസ്ലിങ്ങളോടുള്ള ശത്രുതാഭാവത്തിന്റെ സർപ്പദംശനമേറ്റ കേരളീയ പൊതുസമൂഹത്തിന്റെ മുന്നിലേയ്ക്കാണ് 'അഞ്ചാം മന്ത്രി വിവാദം' വന്നുപെട്ടത്. യു.ഡി.എഫിലൂടെ തിരു-കൊച്ചിയിൽ കേന്ദ്രീകരിക്കപ്പെട്ട കേരളത്തിലെ രാഷ്ട്രീയാധികാരം നിലവിലുള്ള രാഷ്ട്രീയ സാഹചര്യത്തിൽ മുസ്ലിം ലീഗിന്റെ ശക്തമായ നിയന്ത്രണത്തിനും സമ്മർദ്ദത്തിനും വിധേയമാവുന്നതോടെ ദുർബലമാവും എന്നു ബോധ്യമുള്ള വിഭാഗങ്ങളാണ് 'അഞ്ചാം മന്ത്രി' സമുദായ സൗഹാർദ്ദത്തിന് ഭീഷണിയാണെന്ന വാദമുയർത്തിയത്. ഈ വാദം എത്രമേൽ പൊള്ളയാണെന്നു തിരിച്ചറിയാൻ അല്പം ചരിത്രബോധം ഉണ്ടായാൽ മതി. എന്നാൽ, ഈ തിരിച്ചറിവ് നഷ്ടപ്പെട്ട നിലയിലാണ് 'മതേതര കേരള'ത്തിന്റെ പൊതുബോധത്തിൽ ഒരു മൃദുവർഗീയത മേൽക്കൈ നേടിയിട്ടുള്ളത്. സാമാന്യ ബുദ്ധിയുള്ളവർക്ക് ഏറെനേരം വേണ്ടെന്നിരിക്കേയാണ് കേരളീയ പൊതു സമൂഹത്തിന് അത് അംഗീകരിക്കാൻ കഴിയാതെ പോയിരിക്കുന്നത്.

കേരളീയ പൊതുസമൂഹത്തിന് അനഭിമതരായ സ്വത്വങ്ങളെ അത് എങ്ങനെയെല്ലാം കൈകാര്യം ചെയ്യാൻ ശ്രമിക്കും എന്നുള്ളതിന് ഒരു ഉദാഹരണം കൂടിയാണ് 'അഞ്ചാം മന്ത്രി വിവാദ'വും അതിലുൾച്ചേർന്ന മുസ്ലിം വിരുദ്ധതയും. ഇതു തിരിച്ചറിയുകയും കുതറിമാറുകയും ചെയ്താലല്ലാതെ ജനാധിപത്യപരവും, മത/സമുദായ സൗഹാർദ്ദത്തിലധിഷ്ഠിതവുമായ കേരള സമൂഹത്തിന് സാധ്യമാവില്ല. മുസ്ലിം സ്വത്വത്തെ കേരളീയ പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ അവിഭാജ്യമായ ഒരു ഘടകമായി അംഗീകരിക്കാൻ കഴിയുന്ന ഒരു അവസ്ഥയിലേ അതു സാധ്യമാവുകയുള്ളൂ. കേരളീയ പൊതുസമൂഹം ഇപ്പോഴും അതിനു സന്നദ്ധമായിട്ടില്ലെന്നുള്ളതിന്റെ തെളിവാണ് 'അഞ്ചാം മന്ത്രി' വിവാദവും തുടർന്നുണ്ടായ ചർച്ചകളും. ■

ലേഖകൻ ന്യൂഡൽഹി ജാമിയ മില്ലിയ ഇസ്ലാമിയയിലെ അക്കാദമി ഓഫ് ഇന്റർനാഷണൽ സ്റ്റഡീസിൽ അധ്യാപകനാണ്.